**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3160** | **13-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഓരോ വിദ്യാർത്ഥിയേയും ആഴത്തിൽ മനസ്സിലാക്കി അവരവരുടെ ശേഷിയും സാമൂഹ്യബന്ധം പുലർത്തുന്നതിനുള്ള കഴിവും വർദ്ധിപ്പിക്കുന്നതിന് മെന്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | കുട്ടികളെ നിരന്തരമായ സ്നേഹോഷ്മള ബന്ധത്തോടെ നിരീക്ഷിക്കുക, നിരന്തരമായി മനസ്സിലാക്കുക, കൃത്യമായ ആസൂത്രണത്തോടെ പിന്തുണയ്ക്കുക എന്ന പ്രക്രിയയാണ് മെന്ററിങ്ങ്. രക്ഷിതാവിനെപ്പോലെ കുട്ടികളെ സ്നേഹിക്കുകയും നിരീക്ഷണങ്ങളിലൂടെ അവരുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി മനസ്സിലാക്കുകയും സർവോതന്മുഖമായ വളർച്ചയ്ക്കാവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്യുക എന്നതാണ് മെന്ററിന്റെ കടമ. ഇത് സംബന്ധിച്ച പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.<br><br>**<u>സഹിതം പോർട്ടലിന്റെ സാധ്യതകൾ</u>**<br><br>I) വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യം, ഹൈടെക് ക്ലാസ് മുറികൾ, ഡിജിറ്റൽ ഉൾപ്പെടെയുള്ള പഠന വിഭവങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃതമായ ക്ലാസ് റൂം പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ഉപയോഗത്തിലൂടെ നീതിയിലും തുല്യതിയിലും ഗുണതയിലും ഊന്നിയ വിദ്യാഭ്യാസം എല്ലാകുട്ടികൾക്കും ലഭ്യമാക്കുക.<br><br>ii) കുട്ടികളുടെ പരിപൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും കുട്ടികളുടെ വളർച്ച നിരന്തരം നിരീക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.<br><br>Iii) കേൾക്കലും ഓർമ്മിക്കലും ആവർത്തിക്കലും എന്നതിൽ നിന്ന് അന്വേഷിക്കലും അപഗ്രഥിക്കലും പ്രായോഗിക്കലും അവതരിപ്പിക്കലും എന്നതിലേയ്ക്ക് പഠനരീതിയെ മാറ്റിയെടുക്കുക<br><br>iv) കുട്ടികളെ അറിയുക വഴി അവരുടെ ആത്മവിശ്വാസം വളർത്തി സമഗ്രവികാസം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിന് ആസൂത്രണത്തോടെ അവരെ പിന്തുണയ്ക്കുക.<br><br>v) കുട്ടികളിൽ അടിസ്ഥാന ഭാഷാ ശേഷിയും ഗണിതശേഷിയും നിശ്ചിത വിഷയ സംബന്ധശേഷികളും ആർജ്ജിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.<br><br>vi) ആരോഗ്യമുള്ള വിദ്യാർത്ഥി സമൂഹത്തിന് തടസ്സമാകുന്ന ലഹരി ഉപയോഗം പോലെയുള്ള പെരുമാറ്റ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് കൈത്താങ്ങിലൂടെ ആത്മവിശ്വാസമുള്ള പഠിതാക്കളായി മാറാൻ കുട്ടികളെ സഹായിക്കുക.<br><br>Vii) കുട്ടിയുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി ആസൂത്രണത്തിലൂടെയുള്ള കൈത്താങ്ങിലൂടെ സർവ്വതോൻമുഖമായ വികാസത്തിലേയ്ക്ക് നയിക്കാൻ കഴിയുക.<br><br>Viii) വിദ്യാർത്ഥി പ്രൊഫൈലിങ്ങിലൂടെ കുട്ടിയുടെ സാമൂഹിക ഗുണങ്ങളുടെ വിഷയബന്ധിതമായ അറിവുകളും അഭിരുചികളും നൈപുണികളും കണ്ടെത്തി പഠനവഴികളും തൊഴിൽ നിരീക്ഷണങ്ങളിലൂടെയും സ്നേഹോഷ്മളമായ മെന്ററിങ്ങിലൂടെയും ആസൂത്രിതമായ അക്കാദമിക പിന്തുണാ പ്രവർത്തനങ്ങളിലൂടെയും കുട്ടികളുടെ പഠനനിലവാരം ഉയർത്തുക. |
| (ബി) | ഇക്കാര്യത്തിൽ സഹായകരമാകും വിധം പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പോർട്ടലിന്റെ സാധ്യതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | കുട്ടികളെ നിരന്തരമായ സ്നേഹോഷ്മള ബന്ധത്തോടെ നിരീക്ഷിക്കുക, നിരന്തരമായി മനസ്സിലാക്കുക, കൃത്യമായ ആസൂത്രണത്തോടെ പിന്തുണയ്ക്കുക എന്ന പ്രക്രിയയാണ് മെന്ററിങ്ങ്. രക്ഷിതാവിനെപ്പോലെ കുട്ടികളെ സ്നേഹിക്കുകയു നിരീക്ഷണങ്ങളിലൂടെ അവരുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി മനസ്സിലാക്കുകയും സർവോതന്മുഖമായ വളർച്ചയ്ക്കാവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്യുക എന്നതാണ മെന്ററിന്റെ കടമ. ഇത് സംബന്ധിച്ച പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.<br><br>**<u>സഹിതം പോർട്ടലിന്റെ സാധ്യതകൾ</u>**<br><br>I) വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യം, ഹൈടെക് ക്ലാസ് മുറികൾ, ഡിജിറ്റൽ ഉൾപ്പെടെയുള്ള പഠന വിഭവങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃതമായ ക്ലാസ് റൂം പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ഉപയോഗത്തിലൂടെ നീതിയിലും തുല്യതയിലും |

| | | | |
|---|---|---|---|
| | | | ഗുണതയിലും ഉ◌ൗന്നിയ വിദ്യാഭ്യാസം എല്ലാകുട്ടികൾക്കും ലഭ്യമാക്കുക.<br><br>ii) കുട്ടികളുടെ പരിപൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള പഠനപ്രവർത്തനങ്ങ നടപ്പിലാക്കുകയും കുട്ടികളുടെ വളർച്ച നിരന്തരം നിരീക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.<br><br>Iii) കേൾക്കലും ഓർമ്മിക്കലും ആവർത്തിക്കലും എന്നതിൽ നിന്ന് അന്വേഷിക്കലും അപഗ്രഥിക്കലും പ്രായോഗിക്കലും അവതരിപ്പിക്കലും എന്നതിലേയ്ക്ക് പഠനരീതിയെ മാറ്റിയെടുക്കുക<br><br>iv) കുട്ടികളെ അറിയുക വഴി അവരുടെ ആത്മവിശ്വാസം വളർത്തി സമഗ്രവികാസം ഉറപ്പാക്കുന്നതിന് ആസൂത്രണത്തോടെ അവരെ പിന്തുണയ്ക്കുക.<br><br>v) കുട്ടികളിൽ അടിസ്ഥാന ഭാഷാ ശേഷിയും ഗണിതശേഷിയും നിശ്ചിത വിഷയ സംബന്ധശേഷികളും ആർജ്ജിക്കാനാവശ്യമാ പ്രവർത്തനങ്ങൾ നടത്തുക.<br><br>vi) ആരോഗ്യമുള്ള വിദ്യാർത്ഥി സമൂഹത്തിന് തടസ്സമാകുന്ന ലഹരി ഉപയോഗം പോലെയുള്ള പെരുമാറ്റ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് കൈത്താങ്ങിലൂടെ ആത്മവിശ്വാസമുള്ള പഠിതാക്കളായി മാറാൻ കുട്ടികളെ സഹായിക്കുക.<br><br>Vii) കുട്ടിയുടെ ശക്തി ദൗർബല്യങ്ങൾ കണ്ടെത്തി ആസൂത്രണത്തിലൂടെയുള്ള കൈത്താങ്ങിലൂടെ സർവ്വതോൻമുഖമായ വികാസത്തിലേയ്ക്ക് നയിക്കാൻ കഴിയുക.<br><br>Viii) വിദ്യാർത്ഥി പ്രൊഫൈലിങ്ങിലൂടെ കുട്ടിയുടെ സാമൂഹിക ഗുണങ്ങളുടെ വിഷയബന്ധിതമായ അറിവുകളും അഭിരുചികളും നൈപുണികളും കണ്ടെത്തി പഠനവഴികളും തൊഴിൽ നിരീക്ഷണങ്ങളിലൂടെയും സ്നേഹോഷ്മളമായ മെന്ററിങ്ങിലൂടെയും ആസൂത്രിതമായ അക്കാദമിക പിന്തുണാ പ്രവർത്തനങ്ങളിലൂടെയ കുട്ടികളുടെ പഠനനിലവാരം ഉയർത്തുക. |
| (സി) | വിദ്യാർത്ഥികൾക്ക് അറിവും കഴിവും നൈപുണ്യവും | (സി) | ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ |

| | | | |
|---|---|---|---|
| | നേടുന്നതിനോടൊപ്പം തുല്യ പ്രാധാന്യത്തോടെ ആത്മവിശ്വാസവും വളർത്തിയെടുക്കുന്നതിന് അനുയോജ്യമായ വിധത്തിൽ പഠന ബോധന പ്രവർത്തനങ്ങളിൽ മികവു വരുത്താനായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | | ഭാഗമായി സംസ്ഥാനത്ത് വിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളിൽ അത്ഭുതപൂർവ്വമായ മാറ്റം ദൃശ്യമാണ്. പൊതുവിദ്യാലയങ്ങൾ എല്ലാം മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനുതകുന്ന സുശക്തവും ആസൂത്രിതവുമായ പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരുന്നുണ്ട്. ജ്ഞാനനിർമ്മിത വാദത്തിലൂന്നിയ നിലവിലെ പാഠ്യപദ്ധതിയിലൂടെ ഓരോ പഠിതാവും അറിവിന്റെ നിർമ്മിതിയിൽ പങ്കാളികളാകുകയും സൃഷ്ടികൾ അവതരിപ്പിക്കുകയും മെച്ചപ്പെടുത്തുകയും സ്വയം നവീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. സംഘപ്രവർത്തനത്തിലൂടെയുള്ള പഠനാനുഭവങ്ങൾ പഠിതാവിന്റെ ആത്മവിശ്വാസത്തെ വളർത്തുന്നുണ്ട്. വിദ്യാലയങ്ങളിൽ നടക്കുന്ന ദിനാചരണങ്ങളിലെ അവതരണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ പഠിതാവിന് പുതിയ ഉൾക്കാഴ്ച നൽകുകയും ആത്മവിശ്വാസമുള്ള മതേതരബോധമുള്ള പൗരനായി വളരാനുമുള്ള അവസരങ്ങൾ നൽകുന്നുണ്ട്. വിവധങ്ങളായ ക്ലബ് പ്രവർത്തനങ്ങൾ, ലിറ്റിൽ കൈറ്റ്സ്/എസ്.പി.സി/ജെ.ആർ.സി എന്നിവയിലൂടെ കൂടുതൽ മികവും ആത്മവിശ്വാസവും ഉള്ള വിദ്യാർത്ഥി സമൂഹം സൃഷ്ടിസൃഷ്ടിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ